From

സി.മോഹനൻനായർ (വാവറ ആക്ഷൻകൗൺസിൽ ചെയർമാൻ)

ചാണിക്കൽവീട്, വാവറ, പോത്തൻകോട് പി.ഒ. 695584

തിരുവനന്തപുരം.

To

THE PUBLIC INFORMATION OFFICER

(UNDER RI ACT)

M/s POWER GRID

POWER GRID OFFICE,

THIRUVANANTHAPURAM

സർ,

താഴെ പറയുന്ന വിവരങ്ങൾ വിവരാവകാശ നിയമപ്രകാരം പകർപ്പുകൾ ഉൾപ്പെടെ ഉടനെ നൽകണമെന്ന് അപേക്ഷിക്കുന്നു.

1. തിരുവനന്തപുരം താലൂക്കിൽ കീഴ്തോന്നയ്ക്കൽ വില്ലേജിൽ പുലിവീട്ടു മുറിയിൽ വാവറ എന്ന സ്ഥലത്ത് ടി കീഴ്തോന്നയ്ക്കൽ വില്ലേജിൽ ബ്ലോക്ക് നമ്പർ 6-ൽ റീസർവ്വെ 434/8-ൽ ഉൾപ്പെട്ട 59 ആർ വസ്തുവിൽ പോത്തൻകോട് പഞ്ചായത്തിൽ നിന്നും P.P.VII-ൽ 514, 518, 518(i) എന്നീ നമ്പർ കൊടുത്തിരിക്കുന്ന കടകെട്ടിടത്തിൽ അനീസാബീഗം, വിളയിൽവീട്, തീപ്പുകൽ, പോത്തൻകോട് എന്ന വ്യക്തിയുടെ പേരിൽ ലൈസൻസ് എടുത്ത് കഴിഞ്ഞ മൂന്ന് വർഷമായി ഗ്യാലക്സി ഡിസൈനർ ടൈൽസ് എന്ന സ്ഥാപനം പ്രവർത്തിച്ചു വരുന്നു. ടി സ്ഥാപനത്തിന് മുകളിൽ കൂടി 440 കെ.വി.യുടെ ഹൈടെൻഷൻലൈൻ കടന്നു പോകുന്നതിനാൽ ടി സ്ഥാപനത്തിന് Power Grid -ൽ നിന്നും പ്രവർത്താനാനുമതി നൽകിയിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്നു മുതൽ നൽകിയിട്ടുണ്ട്. അനുമതി നൽകിയിട്ടുണ്ട് എങ്കിൽ ടി അനുമതിപത്രത്തിന്റെ പകർപ്പ് നൽകുക.

2. ടി 59 ആർ വസ്തുവിന്റെ മുകളിലൂടെ ടി ലൈൻ കടന്നുപോകുന്നതിന് വേണ്ടി എത്ര സെന്റ് സ്ഥലം പവ്വർഗ്രിഡിലേയ്ക്ക് സർവ്വെ ചെയ്തിട്ടുണ്ട്? സർവ്വെ ചെയ്ത ഭൂമിയുടെ പ്ലാനിന്റെ കോപ്പി തരിക.

3. ടി റീസർവ്വെ 434/8-ൽ ഉൾപ്പെട്ട 59 ആർ വസ്തുവിൽ നിന്നും സർവ്വെ ചെയ്ത ഭൂമിയുടെ നഷ്ടപരിഹാരമായി ഉടമസ്ഥർക്ക് എത്രരൂപ പവ്വർഗ്രിഡ് നൽകിയിട്ടുണ്ട്. തുകയുടെ വിശദാംശവും തുക ആരാണ് കൈപ്പറ്റിയത് എന്നുള്ള വിവരവും നൽകുക.

IMPORTANT
Sr Engr/TLM/ANM pl discuss & then checkup the site & put up.
09/01/14

Contd...2..

4. ടി വസ്തുവിൽ കൂടി ഹൈടെൻഷൻ ലൈൻ കടന്നു പോകുന്നതിനാൽ അതിനടിയിൽ ലോഹനിർമ്മിതമായ വസ്തുക്കൾ ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്താമോ? പവ്വർ ഗ്രിഡിന്റെ അനുമതിയോടു കൂടിയാണോ ഇപ്പോൾ ടി വസ്തുവിൽ ലൈനിന് അടിയിൽ ലോഹനിർമ്മിത വസ്തുക്കൾ ഉപയോഗിച്ച് നിർമ്മാണപ്രവർത്തനങ്ങൾ നടത്തിയിരിക്കുന്നത്. അനുമതി കൊടുത്തിട്ടുണ്ടെങ്കിൽ അതിന്റെ പകർപ്പ്.

5. ടി ഹൈടെൻഷൻ ലൈൻ കടന്നു പോകുമ്പോൾ അക്വയർ ചെയ്ത ഭൂമിയിൽ വ്യക്തികളും സ്ഥാപനങ്ങളും പാലിക്കേണ്ട നിയമങ്ങളെ കുറിച്ച് പവ്വർ ഗ്രിഡ് നിർദ്ദേശിച്ചിട്ടുള്ള വിശദാംശങ്ങളുടെ കോപ്പി നൽകുക.

6. ടി വസ്തുവിൽ ഇപ്പോൾ ലൈൻ കടന്നു പോകുന്നതിന് ടവ്വർ സ്ഥാപിച്ചി രിക്കുകയാണ്. ടവ്വറിന് അടിയിൽ ഇപ്പോൾ സ്ഥാപിച്ചിട്ടുള്ള അനധികൃത ലോഹ നിർമ്മിത കെട്ടിടങ്ങൾ പൊളിച്ചു മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ തരിക.

7. ടി വസ്തുവിൽ ടവ്വർ സ്ഥാപിച്ചിരിക്കുന്നതിനാൽ അതിനടിയിൽ എർത്ത് കൊടുത്തിട്ടുള്ളതാണ്. അതിനോട് ചേർന്ന് ലോഹനിർമ്മിതവസ്തുക്കൾ ഉപയോഗിച്ചുള്ള ഷെഡ്ഡുകൾ നിർമ്മിക്കാൻ ഏത് ഉദ്യോഗസ്ഥനാണ് അനുമതി പത്രത്തിൽ ഒപ്പിട്ടു കൊടുത്തത്?

8. ടി സർവ്വെ നമ്പർ ഉൾപ്പെട്ട വസ്തുവിൽ ടി സ്ഥാപനമല്ലാതെ മറ്റേതെങ്കിലും ഫാക്ടറിയോ സ്ഥാപനമോ, പി.വി.സി.പൈപ്പ് നിർമ്മാണ ഫാക്ടറിയോ തുടങ്ങു ന്നതിന് അനുമതി ലഭിക്കുന്നതിന് വേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ? അനുമതി നൽകിയിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിന്റെ കോപ്പി നൽകുക.

എന്ന്

വാവറ

സി.മോഹനൻനായർ

(വാവറ ആക്ഷൻകൗൺസിൽ ചെയർമാൻ)

Ph 9656857250